Uncorrected/Not for punblication
14-03-2022

**അടിയന്തരപ്രമേയം**

സിൽവർ ലൈൻ പദ്ധതി

മി. സ്പീക്കർ: പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കുന്നതും കേരളത്തിന്റെ സാമ്പത്തിക അവസ്ഥയ്ക്ക് താങ്ങാനാകാത്തതുമായ സിൽവർ ലൈൻ പദ്ധതിക്കെതിരായി സംസ്ഥാനത്തുടനീളം ഉയർന്നുവരുന്ന പ്രതിഷേധങ്ങളെ അവഗണിച്ചുകൊണ്ട് പദ്ധതിയുമായി മുന്നോട്ടുപോകാനുള്ള സർക്കാരിന്റെ തീരുമാനത്തെത്തുടർന്ന് ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ.പി.എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിന്റെ ഭാവിക്ക് ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണിത്. അത്തരമൊരു പദ്ധതിയെക്കുറിച്ച് ഈ രീതിയിൽ നോട്ടീസ് ലഭിച്ച സാഹചര്യത്തിൽ നമുക്ക് സഭ നിർത്തി വച്ച് ചർച്ച ചെയ്യാം.

മി. സ്പീക്കർ: റൂൾ 50 അനുസരിച്ച് ഇന്ന് ലഭിച്ച നോട്ടീസ് സംബന്ധിച്ച് ചർച്ചയാകാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ച സാഹചര്യത്തിൽ

ചട്ടം 55-ൽ പറഞ്ഞിരിക്കുന്നതുപ്രകാരം സഭ ഇപ്പോൾ നിർത്തി വയ്ക്കുന്നുവെന്ന പ്രമേയം ഉച്ചയ്ക്ക് ഒരു മണിക്ക് അവതരിപ്പിക്കാവുന്നതും അതിന്മേൽ രണ്ട് മണിക്കൂർ ചർച്ച ആകാവുന്നതുമാണ്.